കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1742/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി : 13.09.2017

ഡപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1742/2017 തീയതി: 13.09.2017

# കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 11.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2017 മുതൽ 21.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.ഇന്ദുലേഖ.എ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഇ.വി.ഹരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈന.എ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അന്നക്കുട്ടി ദേവസ്യ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.കെ.അബ്ദുൽ ലത്തീഫ് | 01.04.2016 മുതൽ 31.03.2017 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ഇന്ദു.പി.<br>ശ്രീ.ഷബീർ അഹമ്മദ്.കെ.എ. | കൃഷി ഓഫീസർ | 01.04.2016മുതൽ 08.12.2016 വരെ<br>09.12.2016 മുതൽ 31.03.2017വരെ |
| ഡോ.ഗീത | വെറ്റിനറി സർജ്ജൻ | 01.04.2016മുതൽ 31.03.2017വരെ |
| ഡോ. ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.(ആരോഗ്യം) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.സ്മിത.കെ.എസ്. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.ലൂസി.ടി.കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2016മുതൽ 31.03.2017 വരെ |
| ശ്രീ.റിജു. എം.വി | വി.ഇ.ഒ.1, കോടഞ്ചേരി | 01.04.2016 മുതൽ 01.12.2016 വരെ |
| ശ്രീ.സുരേഷ് കെ.പി | വി.ഇ.ഒ.2, നെല്ലിപൊയിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.പുഷ്പ.ടി.കെ<br>ശ്രീമതി.ദേവി.പി.യു. | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | 01.04.2016മുതൽ 15.07.16വരെ<br>16.07.16മുതൽ 31.03.2017വരെ |
| ശ്രീമതി റെജിമോൾ ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ബാബു.ഇ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രദീപ് കുമാർ .പി | അസിസ്റ്റന്റ് എൻജിനീയർ | 01.04.2016 മുതൽ 31.03.2017 വരെ |

# ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം-1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ. |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 | |

| | |
|---|---|
| വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | ഡോർമിറ്ററി കെട്ടിടമായി നിർമ്മാണം പൂർത്തീകരിച്ചത് മർക്കസ് യുനാനി മെഡിക്കൽ കോളേജായി പ്രവർത്തിക്കുന്നു. |
| 2-3 | വസ്തുനികുതി പരിഷ്കരണം - അവലോകനം. |
| 2-4 | സർക്കാർ/ അർദ്ധ സർക്കാർ ഓഫീസുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല. |
| 2-5 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| 2-6 | അതീവ പരിസ്ഥിതിലോല പ്രദേശമായി നോട്ടിഫൈ ചെയ്ത സ്ഥലത്ത് ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകി. |
| 2-7 | ഡി. &. ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ. |
| 2-8 | പഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ ഫാമുകൾക്ക് പ്രാവർത്തനാനുമതി നൽകി. |
| 2-9 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല. |
| 2-10 | രജിസ്ട്രേഷനില്ലാതെ സ്വകാര്യ ആശുപത്രികൾ/ പാരമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 2-11 | റിസോർട്ടുകളുടെ രജിസ്ട്രേഷൻ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്പോർട്ട്സ് പ്രോൽസാഹനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-2 | സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-3 | നെൽകൃഷി യന്ത്രവൽക്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-4 | നെൽകൃഷി കൂലിചെലവ് - സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-5 | എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-6 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-7 | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം - മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതും മറ്റ് അപാകതകളും. |
| 3-8 | മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല. |
| 3-9 | ഹോമിയോ മരുന്നുകൾ ലഭിച്ചില്ല. |
| 3-10 | തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങി - വാറ്റ് തുക ഈടാക്കിയില്ല. |
| 3-11 | തൊഴിലുറപ്പ് പദ്ധതി നികുതി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചു. |
| 3-12 | തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച. |
| 3-13 | സി.എച്ച്.സി. സബ് സെന്ററുകളുടെ വാടക നൽകി. |
| 3-14 | സാനിറ്ററി യൂണീറ്റ് (കക്കൂസ് നിർമ്മാണം - ഒ.ഡി.എഫ് ) - ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ചില്ല. |
| 3-15 | വനിതകൾക്ക് ഓട്ടോറിക്ഷ പദ്ധതി - സബ്സിഡി തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്. |
| 3-16 | ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. |
| 3- | ഹോമിയോ ആശുപത്രി നടത്തിപ്പ് സംബന്ധിച്ച്. |

| | |
|---|---|
| 17 | |
| 3-18 | ഡിമാന്റ് ഡ്രാഫ്റ്റ് ബാങ്കിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നു. |
| 3-19 | വെള്ളക്കരം അടവ് സംയുക്ത പരിശോധന നടത്തിയില്ല. |
| 3-20 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവ് - സംയുക്ത പരിശോധന നടത്തിയില്ല. |
| 3-21 | ഡപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 3-22 | ഐ.എ.വൈ. വിഹിതം നൽകൽ - രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 3-23 | വിവിധ ഏജൻസികൾക്ക് നൽകിയ തുകകൾ - രശീതി, വിനിയോഗം, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 3-24 | റോഡ് നിർമ്മാണം - പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 3-25 | പ്രൊക്യൂർമെന്റ് കമ്മിറ്റി - സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. |
| 3-26 | കുടിവെള്ള വിതരണം - ആദായ നികുതിയും, സേവന നികുതിയും ഈടാക്കിയില്ല. |
| 3-27 | ആശുപത്രി വികസന ഫണ്ട് രൂപീകരിച്ചില്ല. |
| 3-28 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല. |
| 3-29 | തൊഴിൽ രഹിതരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ നൽകേണ്ടതാണ്. |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ്. |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ. |
| 4-6 | ഓഡിറ്റ് റിക്കവറി. |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം. |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

## ഭാഗം -1

## പൊതു അവലോകനം

1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 26.03.2017(I-)ഠ നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 2,16,76,300 |
| വരവ് | 15,73,56,700 |
| ആകെ അടങ്കൽ വരവ് | 17,90,33,000 |
| ആകെ അടങ്കൽ ചെലവ് | 17,45,80,300 |
| നീക്കിയിരിപ്പ് | 44,52,700 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 20.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,23,70,626 |
| വരവ് | 7,74,86,040 |
| ആകെ | 9,98,56,666 |
| ചെലവ് | 6,98,13,155 |
| നീക്കിയിരിപ്പ് | 3,00,43,511 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | ---- | 2,11,29,021 | 2,11,29,021 | 1,72,88,575 | 38,45,446 | 81.8 |
| വികസന ഫണ്ട് (എസ്.സി.പി) | | 35,00,022 | 35,00,022 | 23,67,000 | 11,33,022 | 67.6 |
| വികസന ഫണ്ട് (ടി.എസ്.പി) | ------ | 22,19,832 | 22,19,832 | 10,26,685 | 11,93,147 | 46.2 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ---- | 1,44,88,317 | 1,44,88,317 | 94,65,279 | 50,23,038 | 65.3 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | ----- | 56,27,064 | 56,27,064 | 31,06,726 | 25,20,338 | 61.8 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ---- | 1,08,12,899 | 1,08,12,899 | 76,14,885 | 31,98,014 | 70.4 |
| പെർഫോമൻസ് ഗ്രാന്റ് | ----- | 16,30,931 | 16,30,931 | 16,30,931 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 298 | 142 | 146 | 10 | 48 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 35,14,217 | 2,03,055 | 57 |
| വെറ്റിനറി സർജ്ജൻ | 5 | 5 | 33,47,542 | 20,62,277 | 62 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 6 | 6 | 10,48,400 | 6,02,124 | 60 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 3,00,000 | 3,00,000 | 100 |
| വി.ഇ.ഒ. | 12 | 7 | 53,72,300 | 21,74,800 | 41 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 55,06,918 | 49,19,670 | 89 |
| സെക്രട്ടറി | 31 | 20 | 2,20,86,906 | 61,04,360 | 27 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 29,34,120 | 29,34,120 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 30,39,200 | 16,40,200 | 53 |
| അസിസ്റ്റന്റ് എൻജിനീയർ | 207 | 147 | 5,61,00,861 | 2,84,46,998 | 51 |
| ഹെഡ്മാസ്റ്റർ | 7 | 7 | 14,75,000 | 14,50,474 | 98 |
| ആകെ | 298 | | 10,51,25,464 | 5,30,65,581 | 50 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,85,564 | 6011323 | 1725759 | (+)28.70 |
| നികുതിയേതര വരവുകൾ | 7,20,185 | 24,69,047 | 17,48,862 | (+)242.83 |
| ആകെ | 50,05,749 | 85,11,714 | 35,05,965 | (+)70.03 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,89,380 | 142 |
| കർഷക തൊഴിലാളി പെൻഷൻ | 78,09,420 | 903 |
| വിധവാ പെൻഷൻ | 1,32,26,030 | 1102 |
| വികലാംഗ പെൻഷൻ | 44,92,865 | 2162 |
| വാർദ്ധക്യകാല പെൻഷൻ | 2,41,51,325 | 401 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,39,780 | 27 |
| വിവാഹധനസഹായം | 2,10,000 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14,774/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2017 മുതൽ 13.07.2017 വരെ | 01.06.2017 മുതൽ 30.06.2017 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.08.2010 മുതൽ 01.09.2010 വരെ | 2005-06 മുതൽ 2009-10 വരെ | എൽ.ബി.എ. (എച്ച്.ക്യൂ)/ വി.8എ/1630/149 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക ധനകാര്യ പത്രിക അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വസ്തുനികുതി സഞ്ചയ പ്രകാരമുള്ള കണക്കുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യ പ്രകാരമുള്ള അരിയർ കണക്കുകളും ടാലിയാകുന്നില്ല.
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ, ലേലം ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കിയിട്ടില്ല.
3. എസ്.ബി.ടി ഇ-പെയ്മെന്റ് അക്കൗണ്ടിൽ 12,336/-രൂപ ബാങ്ക് ബുക്ക് പ്രകാരംനീക്കിയിരിപ്പുണ്ട്. എസ്.ബി.ടി ഇ-പെയ്മെന്റ് അക്കൗണ്ടിൽ സഞ്ചയയിൽ വരവ് കാണിക്കുന്ന തുകകൾ വളരെ വൈകിയാണ് പാസ് ബുക്കിൽ ക്രെഡിറ്റ് ആകുന്നത്.
4. ഗ്രാമപഞ്ചായത്തിൽ വിന്യസിച്ച സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയൽ 2160 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 495 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ് ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ലൈസൻസ് ഫീസിനത്തിൽ ലഭ്യമായ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.
5. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.
7. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2-2 ഡോർമിറ്ററി കെട്ടിടമായി നിർമ്മാണം പൂർത്തീകരിച്ചത് മർക്കസ് യുനാനി മെഡിക്കൽ കോളേജായി പ്രവർത്തിക്കുന്നു.




ഗ്രാമപഞ്ചായത്ത് പരിധിയിൽപെടുന്ന കോടഞ്ചേരി വില്ലേജിൽ ഉൾപ്പെട്ട റീസർവ്വേ നം.15/1 ൽ

1. ശ്രീ.മുഹമ്മദ് അഷറഫ്, അദ്ധ്യാപകൻ ഉരുത്തിമേൽ, മാലാൻകുന്ന്, ബേക്കൽ, കാസറഗോഡ്.(Identity card No.KYG1777432)
2. ശ്രീ.മുഹമ്മദ് നിസാർ, ഡ്രൈവർ, പുത്തൻ പുരക്കൽ, തിരുവമ്പാടി (പി.ഒ) ആലപ്പുഴ – 688002.(Passport No.E4551715)

എന്നിവരുടെ പേരിലുള്ള 596.93 ആർ, (14.75 ഏക്കർ) ഡോർമിറ്ററി കെട്ടിടം പണിയുന്നതിന് സെക്രട്ടറി നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതി നൽകിയതിന്റേയും, നിർമ്മാണം പൂർത്തീകരിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫയൽ.നം.എ.1/3674/16, 23.04.2016, | | | |
|---|---|---|---|
| കെട്ടിട നം | ബിൽഡിംഗ് പെർമിറ്റ്നം, തീയ്യതി | പൂർത്തീകരണ തീയ്യതി | കെട്ടിട തരം |
| 21/313.B<br>റീ.സർവ്വേ<br>നം. 15/1 | എ.1.45/13-16, 26.07.2013<br>G.F. – 597.76<br>F.F. - 489.11<br>S.F. - 489.11<br>T.F. - 489.11<br>Stair – 73.09<br>2138.18<br>കെട്ടിടത്തിന്റെ ഉയരം - 14.90 മീറ്റർ. | 16.04.2016 | ഡോർമിറ്ററി |

- സ്ഥലത്തിന്റെ മുൻഉടമസ്ഥ, ശ്രീമതി.യൂബി ജോസഫ്, 34 വയസ്സ്, w/o ശ്രീ.ഷാജി ജോസ് (പാൻ കാർഡ് നം.AFUP J9509A), മംഗലത്ത് (ഹ), കണ്ണോത്ത്, കോഴിക്കോട്.673580. കോടഞ്ചേരി വില്ലേജിൽ പെട്ട (പഴയ സർവ്വേ നം. 196, 199, 201) മേൽ വിവരിച്ച വ്യക്തിയുടെ സ്ഥലം ക്രമനം. 1, 2 എന്നിവർക്കാണ് നൽകിയത്. സ്ഥല വില 596.93 ആർ, (14.75 ഏക്കർ) - 31,50,000/- രൂപ.
- പെർമിറ്റ് പ്രകാരം അനുവദനീയമായ അളവിൽ കൂടുതൽ നിർമ്മാണം നടത്തിയതിനാൽ (2 നില)16.04.2016 ന് റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചു. 03.05.2016 ന് കെട്ടിടം ക്രമവൽകരിച്ചു നൽകുന്നതിന് അസി.എഞ്ചിനീയർ ശ്രീ.പ്രദീപ് കുമാർ.പി., 04.05.2016 ന് സെക്രട്ടറിയും നോട്ട് എഴുതി.
- പ്രസ്തുത കെട്ടിടം ഡോർമിറ്ററി റസിഡൻഷ്യൽ ആയി നിർമ്മിക്കുന്നതിനാണ് പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ചത്. 19.08.2017ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക

പരിശോധനയിൽ മർക്കസ് യുനാനി മെഡിക്കൽ കോളേജ് ആയിട്ടാണ് പ്രവർത്തിക്കുന്നത്.

- ഫയൽ.എൻ.ഒ.സി.No.E-3014/16, 15.04.2016 (ഓഫീസ് ഫയൽ നം.എ.1/3611/16, 21.11.2016)
- നിജപ്പെടുത്തിയ അടിസ്ഥാന വസ്തു നികുതി നിരക്ക് – 4/- രൂപ (ച.മീ)
- വാർഷിക വസ്തു നികുതി - 10,691 + ലൈബ്രറി സെസ്സ് - 535 = 11,226/-

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.17 (1) പ്രകാരം വസ്തു നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മറ്റും വരുത്തുന്ന മാറ്റങ്ങൾ 30 ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം ചട്ടം.11 പ്രകാരമുള്ള ഒരു പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം കെട്ടിട ഉടമ തന്റെ ബാദ്ധ്യത നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1,000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തു നികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. എന്നാൽ മേൽ വിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ കെട്ടിട ഉടമസ്ഥരും, സെക്രട്ടറിയും വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ വിന്യസിച്ച സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് പാർപ്പിടാവശ്യത്തിനായുള്ള നിരക്കിലാണ് (4/- രൂപ). വിദ്യാഭ്യാസ ആവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 5/- രൂപ നിരക്കിലാണ് ഈടാക്കേണ്ടത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.44/16-17, തീയ്യതി.21.08.2017) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ പ്രസ്തുത ഉടമസ്ഥർക്ക് കെട്ടിടം തരം മാറ്റി ഉപയോഗിക്കുന്നത് സംബന്ധിച്ച് വിശദീകരണത്തിന് നോട്ടീസ് നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതും, പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച്, ഈടാക്കേണ്ടതാണ്. കൂടാതെ നിയമപ്രകാരം കെട്ടിട ഉടമസ്ഥരിൽ നിന്നും കെട്ടിടത്തിന്റെ തരം മാറ്റി ഉപയോഗിച്ചതിന് പിഴ ഈടാക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി പരിഷ്കരണം - അവലോകനം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല, റോഡുകളുടെ തരം എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച.മീറ്ററിന് |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>• 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50 |
| | • 100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 60 |
| | • 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50 |
| | • 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 80 |
| | | 50 |

| | | |
|---|---|---|
| | • ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | |
| 3 | ഓഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 5 |
| 5 | ആശുപത്രികൾ | 5 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം,<br>ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 40 |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ<br>1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ് | 15 |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 |
| 8 | റിസോർട്ടുകൾ | 90 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 40 |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 |
| 11 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 40 |

2013 ഏപ്രിൽ.1 മുതൽ പുതുക്കിയ നിരക്കിൽ ( പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ) വസ്തുനികുതി പ്രാബല്യത്തിൽ വന്നു. സ്ഥാപനത്തിൽ വിന്യസിച്ച സാംഖ്യ-സഞ്ചയ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. 185 ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 60 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിട ഉടമകളിൽ നിന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളില്ല എന്ന സത്യവാങ്മൂലം ഹാജരാക്കിയതിന് ശേഷം മാത്രമാണ് 2015-16 മുതൽ നികുതി ഒഴിവാക്കി നൽകുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്.207 പ്രകാരം വസ്തു നികുതിയിൽ നിന്നും ഇളവ് അനുവദിച്ച കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം വിമുക്ത ഭടൻമാരിൽ നിന്നും ഏപ്രിൽ 10നു മുമ്പ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചും വസ്തുനികുതി ഒഴിവാക്കി നൽകുന്നുണ്ട്.

കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. സഞ്ചയ നികുതി നിർണ്ണയ സോഫ്റ്റ്വേറിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയെങ്കിൽ മാത്രമാണ് പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് സാധ്യമാകുകയുള്ളൂ. സഞ്ചയയിൽ മുഴുവൻ കെട്ടിടങ്ങൾക്കും ഡിജിറ്റൽ സിഗ്നേച്ചർ നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ പഴയ എല്ലാ കെട്ടിടങ്ങൾക്കും 25% കുറഞ്ഞ നികുതി വർദ്ധനവും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലും നികുതി നിലവിൽ വന്നിട്ടുണ്ട്.

നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം. | 17985 |
| • പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 10935 |
| • വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം | 1827 |
| • വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 232 |
| | |

| | |
|---|---|
| • വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 18 |
| • മൊബൈൽ ടവറുകളുടെ എണ്ണം | 11 |
| • സർക്കാർ, അർദ്ധ സർക്കാർ കെട്ടിടങ്ങളുടെ എണ്ണം | 8 |
| • മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം.<br>(ഓഡിറ്റോറിയം, ലോഡ്ജ്, കല്യാണ മണ്ഡപം, കൺവെൻഷൻ സെന്റർ തുടങ്ങിയവ) | 99 |
| • നികുതി ഇളവുള്ള കെട്ടിടങ്ങളുടെ എണ്ണം. | 4853 |
| • റിസോർട്ടുകൾ | 2 |

<u>വസ്തു നികുതിയിനത്തിൽ 12.32 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി</u>

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രാകരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 21 വാർഡുകളിൽ നിന്നായി 12,32,260/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (2017 ഏപ്രിൽ.1 മുതൽ).

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കേണ്ടതാണ്.

## 2-4 സർക്കാർ/ അർദ്ധ സർക്കാർ ഓഫീസുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വസ്തു നികുതി 2016-17 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പോലീസ് സ്റ്റേഷൻ, കോടഞ്ചേരി. |
| 2 | ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്, കോടഞ്ചേരി |
| 3 | സബ് രജിസ്റ്റാർ ഓഫീസ് |
| 4 | വില്ലേജ് ഓഫീസ്, കൂടത്തായി |
| 5 | വില്ലേജ് ഓഫീസ് നെല്ലിപൊയിൽ |
| 6 | കെ.എസ്.ഇ.ബി |
| 7 | ബി.എസ്.എൻ.എൽ. |
| 8 | പ്രൊജക്ട് മാനേജരുടെ കാര്യാലയം, ചെമ്പുകടവ് സബ് ഡിവിഷൻ തരിയോട് |
| 9 | ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ, കോടഞ്ചേരി |

| 10 | ജനറേറ്റർ സർക്കിൾ, കെ.എസ്.ഇ.ബി. |
|---|---|

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്ലാനൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ വിവിധ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 1,01,000 |
| വെള്ളക്കരം | 5,05,315 |
| തെരുവ് വിളക്ക് കത്തിക്കൽ | 2,52,410 |
| ആകെ | 8,58,725 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 അതീവ പരിസ്ഥിതിലോല പ്രദേശമായി നോട്ടിഫൈ ചെയ്ത സ്ഥലത്ത് ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകി.

കോടഞ്ചേരി വില്ലേജിൽ മർക്കസ് നോളജ് സിറ്റിയുടെ നിർമ്മാണ സ്ഥലത്തിനടുത്ത് ക്ലിഫ് വേൽ പ്രൊജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് & ക്രോപ്പ് വേൽ പ്രൊജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നവരുടെ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി താഴെ പറയുന്ന തരത്തിൽ സെക്രട്ടറി നിർമ്മാണനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നിർമ്മാണ വിശദാംശങ്ങൾ |
|---|---|
| ശ്രീ.മൊയ്തീൻ കോയ.ഇ.<br>മാനേജിംഗ് ഡയറക്ടർ<br>"ക്ലിഫ് വേൽ പ്രൊജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് & ക്രോപ്പ് വേൽ പ്രൊജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്" | സർവ്വേ നം,- 15/1, 33/1, വില്ലേജ് - കോടഞ്ചേരി<br>ആകെ സ്ഥല വിസ്തീർണ്ണം- 78268.98 ച.മീ.(7.8269 ha)<br>ആകെ തറവിസ്തീർണ്ണം- 144807.81 ച.മീ. |

<table>
<tr><td>മർക്കസ് കമ്മേഴ്സ്യൽ കോംപ്ലക്സ്<br>ഇന്ദിര ഗാന്ധി റോഡ്, കോഴിക്കോട്.</td><td>ബിൽഡിംഗ് പെർമിറ്റ് നം - എ.1/44/13-14, 01.02.2017<br>പെർമിറ്റ് ഫീസ് അടച്ചത് - 10,13,715/-<br>രശീതി നം, തീയ്യതി - 1160150039, 01.02.2017<br>കെട്ടിടത്തിന്റെ തരം - കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ</td></tr>
<tr><td>ടവർ.1</td><td>19691.88 ച.മീറ്റർ</td></tr>
<tr><td>ടവർ.2</td><td>23341.11 ച.മീറ്റർ</td></tr>
<tr><td>ടവർ.3</td><td>18355.13 ച.മീറ്റർ</td></tr>
<tr><td>ടവർ.4</td><td>15333.02 ച.മീറ്റർ</td></tr>
<tr><td rowspan="2">ടവർ.5 (കമേഴ്സ്യൽ കം റസിഡൻഷ്യൽ)</td><td>18671.47 ച.മീറ്റർ</td></tr>
<tr><td>47481.56 ച.മീറ്റർ</td></tr>
<tr><td>പൂൾ ബിൽഡിംഗ്</td><td>1682.8 ച.മീറ്റർ</td></tr>
<tr><td>റിക്രിയേഷൻ ബിൽഡിംഗ്</td><td>250.84 ച.മീറ്റർ</td></tr>
<tr><td>ആകെ</td><td>144807.81 ച.മീറ്റർ</td></tr>
<tr><td colspan="2">• 04.04.2016 ലെ നം.PCB/HO/KKD/COMP/208/03/2015 നടപടി ക്രമത്തിലൂടെ കേരള സംസ്ഥാന പൊല്യൂഷ്യൻ കൺട്രോൾ ബോർഡ് അനുമതി നൽകി.</td></tr>
<tr><td colspan="2">• 14.10.2016 ന് ചീഫ് ടൌൺ പ്ലാനർ നം.D.1/10110/2015/DIS ഉത്തരവിലൂടെ അനുമതി നൽകി.</td></tr>
<tr><td colspan="2">• 17.10.2016 ന് കോഴിക്കോട് ഫയർ & റസ്ക്യൂ സർവ്വീസസ്സ് ഡിവിഷണൽ ഓഫീസർ നം.എഫ്.2/13199 നടപടി ക്രമത്തിലൂടെ അനുമതി നൽകി.</td></tr>
</table>

<u>കസ്തൂരി രംഗൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ പരിഗണിച്ചില്ല.</u>

കേരളമുൾപ്പെടെ ആറ് സംസ്ഥാനങ്ങളിലെ 188 താലൂക്കുകളിലായി 1,64,280 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താപ്തി നദി മുതൽ കന്യാകുമാരി വരെ 1500 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് പശ്ചിമഘട്ടം. ഏകദേശം 25 കോടി ജനതയുടെ ജീവിതവും ആവാസകേന്ദ്രവും പശ്ചിമഘട്ടവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ലോകത്തിലെ 35 സുപ്രധാന ജൈവവൈവിദ്ധ്യ കേന്ദ്രങ്ങളിൽ ഒന്നാണ് എന്ന പ്രത്യേകതയും പശ്ചിമഘട്ടത്തിനുണ്ട്. ഇന്ത്യയിൽ മാത്രം കാണുന്ന നിരവധി ഇനം സസ്യജീവജാലങ്ങളുടെ ആവാസകേന്ദ്രമായ പശ്ചിമഘട്ടം ഒട്ടേറെ നദികളുടെ പ്രഭവസ്ഥാനം കൂടിയാണ്. അതുകൊണ്ടുതന്നെ ഈ മലനിരകൾ അതിർത്തിയായി വരുന്ന ആറ് സംസ്ഥാനങ്ങൾക്കും അവിടുത്തെ 26 കോടിയോളം വരുന്ന ജനങ്ങളടക്കം ഒട്ടേറെ ജീവജാലങ്ങൾക്കും ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥയാണ് പശ്ചിമഘട്ടം. കേരളത്തിലെ 119വില്ലേജുകളിലായി 9993.70 ച.കി.മീ. ഭൂമിയെയും, ജനങ്ങളുടെ ജീവിതത്തെയും നേരിട്ട് സ്വാധീനിക്കുന്ന ആവാസ വ്യവസ്ഥയാണ് പശ്ചിമഘട്ടം.

ശ്രീ.മാധവ ഗാഡ്ഗിൽ സമിതിയുടെ റിപ്പോർട്ട് ശുപാർശകൾ വിലയിരുത്തിയും പ്രത്യേകം റിപ്പോർട്ട് സമർപ്പിക്കുക എന്ന നിർദ്ദേശത്തോടെ കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗം ഡോ.ശ്രീ.കെ.കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള മറ്റൊരു സമിതിയെ കേന്ദ്ര സർക്കാർ നിയോഗിച്ചു. കസ്തൂരിരംഗൻ കമ്മറ്റി വിശദമായ വിലയിരുത്തലിനുശേഷവും ഗാഡ്ഗിൽ സമിതി ശുപാർശകളെ തത്ത്വത്തിൽ അംഗീകരിക്കുന്ന നിലപാടാണ് മുന്നോട്ട് വെച്ചത്. കസ്തൂരി രംഗൻ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 119 വില്ലേജുകൾ പരിസ്ഥിതി ലോലപ്രദേശമായി (E.S.Z. Ecological Sensitive Zone) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചുള്ള നിർദ്ദേശം 2013 നവംബർ 14 മുതൽ ബാധകമാക്കി [കേന്ദ്ര പരിസിഥിതി വനമന്ത്രാലയത്തിന്റെ 13.11.2013 ലെ F.1-4/2012-RE(pt)]. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം വകുപ്പ്.5 ലെ വ്യവസ്ഥകൾ പ്രകാരമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. കസ്തൂരിരംഗൻ സമിതി റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ (നെല്ലിപ്പൊയിൽ, കോടഞ്ചേരി) അതീവ പരിസ്ഥിതിലോല പ്രദേശങ്ങളാണ്. അതീവ പരിസ്ഥിതിലോല പ്രദേശങ്ങളിൽ അഞ്ച് കാര്യങ്ങൾക്കാണ് കേന്ദ്ര സർക്കാർ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളത്.

1. റെഡ് കാറ്റഗറി വ്യവസായങ്ങൾ.

2. താപ നിലയങ്ങൾ.

3. ഖനനം (മണ്ണ്, മണൽ).

4. 50 ഹെക്ടറിൽ അധികമുള്ളതും 1,50,000 ച.മീ നിർമ്മിതിയുള്ളതുമായ പുതുതായി ഉണ്ടാക്കുന്ന ടൗൺഷിപ്പുകൾ.

5. 20,000 ചതുരശ്ര മീറ്ററിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടങ്ങൾ.

(നിലവിലുള്ളവയ്ക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല). എന്നാൽ മേൽ റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാതെയാണ് ക്ലിഫ് വേൽ പ്രൊജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് & ക്രോപ്പ് വേൽ പ്രൊജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നവർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ അനുമതി നൽകിയത്. കെട്ടിട ഉടമസ്ഥർ സമർപ്പിച്ച അപേക്ഷയിലും, പ്ലാനിലും നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നെങ്കിലും ആയത് പരിശോധിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി (ടവർ 2,5 എന്നിവയുടെ നിർമ്മാണ വിസ്തീർണ്ണം കാണുക)

## പരിസ്ഥിതി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ല. (Environmental law).

ദക്ഷിണേന്ത്യയുടെ ജലസ്രോതസ്സും, ജൈവവൈവിധ്യ കലവറയുമാണ് പശ്ചിമഘട്ടം. മഴ വളരെയേറെ ലഭിക്കുന്ന ഈ പ്രദേശം മെച്ചപ്പെട്ട പരിസ്ഥിതിയും ജൈവവൈവിധ്യവുമുള്ളതാണ്. പരിസ്ഥിതി ലോല പ്രദേശത്തിന്റെ പ്രധാന മാനദണ്ഡം തനതു സ്ഥലത്തു മാത്രമുള്ള ജീവജാലങ്ങളുടെ സാന്നിദ്ധ്യമാണ്. പശ്ചിമഘട്ട പ്രദേശം ഈ മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുണ്ടെന്നതിനാൽ ഇത് ഒട്ടാകെ പരിസ്ഥിതി ദുർബ്ബല പ്രദേശമായി കരുതപ്പെടേണ്ടതാണ്. പരിസ്ഥിതി ഒരു പ്രധാന വിഷയമായി ഭവിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1976ൽ ഭരണഘടനയുടെ ആർട്ടിക്കിൾ 48 Aയിൽ ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയും, ആർട്ടിക്കിൾ 51 A (g)യുടെ പരിധിയിൽ എല്ലാ പൗരന്മാരുടെയും ഒരു മൗലികാവകാശമായി ചേർത്തതും, പരിസ്ഥിതീയമായ നിയന്ത്രണവും മെച്ചപ്പെട്ട വനപരിപാലനവും സംസ്ഥാനത്തിന്റെ ചുമതലകളാക്കി കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. പരിസ്ഥിതി അവകാശം വ്യക്തിഗതമായ അവകാശം മാത്രമല്ല, അത് സമൂഹത്തിന്റെ അവകാശം കൂടിയാണെന്ന വ്യാഖ്യാനം വന്നു. ജീവിക്കാനുള്ള അവകാശവും, പൂർണാരോഗ്യത്തിനുള്ള അവകാശവും സ്വകാര്യതയ്ക്കുള്ള അവകാശവും ശാശ്വതമായ വികസനത്തിനുള്ള അവകാശവും പരിസ്ഥിതി അവകാശത്തിൽ ഉൾപ്പെടുന്നതാണ്. ഇന്ത്യയിൽ നിലവിൽ 1986ലെ പരിസ്ഥിതി സംരക്ഷണ നിയമമാണ് നയിക്കുന്നത്. ഈ നിയമം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും കേരളം ഉൾപ്പടെയുള്ള അനേകം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളും നിർബന്ധമാക്കിയിട്ടുണ്ട്.

ജൈവസമ്പത്തിന്റെ ശോഷണം തടയൽ, ജലസമ്പത്ത് നിലനിർത്തൽ, സുസ്ഥിരവികസനം ഉറപ്പാക്കൽ, ആദിവാസികളുടെയും വനവാസികളുടെയും അവകാശം സംരക്ഷിക്കൽ, പരിസ്ഥിതി ദുർബലമേഖലകളെ മെച്ചപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ പാർലമെന്റ് പാസ്സാക്കിയ പരിസ്ഥിതി നിയമത്തിലെ വ്യവസ്ഥകൾ പരിഗണിക്കാതെയാണ് അനുമതി നൽകിയത്. പരിസ്ഥിതി സംരക്ഷണ നിയമം വകുപ്പ് 3 അനുസരിച്ച് പദ്ധതി നിർമാണം തുടങ്ങും മുമ്പെ പരിസ്ഥിതി ക്ലിയറൻസ് വാങ്ങിയിരിക്കണം. എന്നാൽ അനുമതി വാങ്ങിയതിന്റെ വിശദാംശങ്ങൾ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

<u>ഭൂമിയുടെ പട്ടയം സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്ത് ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച ഡാറ്റ ബാങ്കിൽ (നോട്ടിഫിക്കേഷൻ. നം.എ.4/1096/11, 24.11.2011, വോള്യം.57, 24.12.2012, നം.595/11/G.P.62)) കോടഞ്ചേരി വില്ലേജിൽ സർവ്വേ. നം.15/1 (169-1) ഭൂമിയുടെ ഉടമസ്ഥാവകാശം (പാട്ടാധാരം പ്രകാരം ലഭ്യമായത്) ശ്രീ. കൊയപ്പത്തൊടി അഹമ്മദ് കുട്ടി ഹാജി, ഭാര്യമാർ 1. ശ്രീമതി.ആമിന ഉമ്മ, 2.ശ്രീമതി.കുഞ്ഞാത്തുമ്മ, മക്കൾ 3.ശ്രീ.മുഹമ്മദ് കുട്ടി, 4.ശ്രീമതി.സുബൈദ, 5.ശ്രീമതി.ജമീല, 6.ശ്രീമതി ആമിന ഉമ്മ എന്നിവർക്കാണ്. പ്രസ്തുത സർവ്വേ നം.ൽ പെട്ട ഭൂമിയാണ് ഫ്ലാറ്റ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്.

1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

1. ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്ക് അതിന് ഉടമസ്ഥാവകാശം നൽകുക.

2. ജന്മിമാരിൽ നിന്നും ഭൂമി വാങ്ങാനുള്ള അവസരം കുടികിടപ്പുകാർക്ക് നൽകുക.

ഒരു നിശ്ചിത വിളയുടെ ഉത്പാദനം നടത്തുകയും തൊഴിലാളിക്ക് ജോലി നൽകുകയും ചെയ്യുന്ന എന്നതായിരുന്നു ഭൂപരിഷ്കരണത്തിൽ നിന്ന് തോട്ടം ഭൂമികളെ മാറ്റിനിർത്തിയത്. കേരളത്തിന്റെ പരിസ്ഥിതിയിൽ ഏറ്റവും

പ്രാധാന്യമർഹിക്കുന്ന കുന്നിൻ പ്രദേശങ്ങളും മലനിരകളുമാണ് തോട്ടം ഭൂമിയായുള്ളത്. ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരമാണ് തോട്ടം മേഖലയിലെ ഭൂമികൾക്ക് ഭൂപരിഷ്കരണ നിയമത്തിൽ നിന്നും ഇളവ് നൽകുന്നത്. കേരള ഭൂപരിഷ്കരണ നിയമത്തിലെ 81 ഉം 82 ഉം വകുപ്പു പ്രകാരം കൃഷിഭൂമിയെന്നും, തോട്ടം ഭൂമിയെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. വകുപ്പ് - 82 ആറാം ഉപവകുപ്പിലെ ഒന്നാം അനുഛേദം പ്രകാരം 5 അംഗങ്ങളുള്ള ഒരു കുടുംബത്തിന് 15 ഏക്കറും ആറാമതായി ഒരു അംഗം കൂടിയുണ്ടെങ്കിൽ ഒരു ഏക്കർ അധികമായും കിട്ടും. അങ്ങനെ അംഗങ്ങൾ കൂടുന്നതിനനുസരിച്ച് 36 ഏക്കർ വരെ ഈ വകുപ്പനുസരിച്ച് കൈവശം വെക്കാം. എന്നാൽ ഈ നിയമം പിന്നീട് ഭേദഗതി ചെയ്തു. അച്ഛനും അമ്മയും പ്രായപൂർത്തിയാകാത്ത മക്കളും അടങ്ങിയ ഒരു കുടുംബത്തിന് 15 ഏക്കർ എന്നതിന് പകരം ഓരോ അംഗത്തിനും 15 ഏക്കർ എന്നാക്കി മാറ്റി. അങ്ങനെ അഞ്ച് അംഗങ്ങളുള്ള ഒരു ജന്മികുടുംബത്തിന് കൈവശം വെക്കാവുന്നത് 75 ഏക്കർ.

ഭൂപരിഷ്കരണ പരിധിയിൽ നിന്നൊഴിവാക്കിയ വലിയ ഭൂപ്രദേശമാണ് തോട്ടം ഭൂമി. സർക്കാറിൽ നിന്ന് പാട്ടത്തിനെടുത്ത ഭൂമിയാണ് മിക്കതും. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് ഈ കരാർ നിലവിലുണ്ടായിരുന്നു. അതായത് അവരുടെ കാലാവധി കഴിഞ്ഞിരുന്നില്ല. പാട്ടക്കരാർ ലംഘിച്ചാൽ കാലാവധി കഴിയുന്നതിനു മുമ്പ് തന്നെ ഭൂമി തിരിച്ചെടുക്കാം എന്നൊരു വ്യവസ്ഥയും കരാറിൽ ഉണ്ടായിരുന്നു. പ്രത്യേക ലക്ഷ്യങ്ങൾക്ക് വേണ്ടിയായിരുന്ന പൊതുഭൂമിയായ തോട്ടം ഭൂമിയെ ഭൂപരിഷ്കരണത്തിൽ നിന്നൊഴിവാക്കിയത്. സർക്കാരിൻറെ ഉടമസ്ഥതയിൽ ഉള്ളതോ അതുപോലെ ഐക്യകേരളം രൂപീകരിക്കപ്പെട്ടതിലൂടെയോ സർക്കാരിൻറെ കൈകളിലെത്തിയതുമായ ഭൂമിയാണ് പാട്ട ഭൂമി. രണ്ട് തരം പാട്ടഭൂമികളാണ് കേരളത്തിലുള്ളത്. ഒന്ന് പാട്ട കാലാവധി കഴിഞ്ഞ ഭൂമി. രണ്ടാമത്തേത് പാട്ടകരാർ ലംഘിച്ച ഭൂമിയാണ്. പാട്ടകരാറിൽ കീഴ്പ്പാട്ടം, മുറിച്ച് വിൽക്കൽ, ഭൂമിയുടെ സ്വഭാവം മാറ്റൽ നിർമ്മാണ പ്രവൃത്തി എന്നിവയെല്ലാം വിവിധ മേഖലകളിൽ തടഞ്ഞിട്ടുണ്ട്. സർക്കാർ പാട്ടവ്യവസ്ഥയിൽ നൽകിയ ഭൂമി വിൽപ്പന നടത്തുന്നതിനായി ജില്ല കളക്ടറിൽ നിന്നും പട്ടയം കിട്ടിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 ഡി. & ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|
| നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ളസമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 19 | 476 | - | 495 |

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഡി.ആന്റ്.ഒ. ലൈസൻസ് ആവശ്യമായ 2160 കെട്ടിടങ്ങളുണ്ട്. (വാണിജ്യ കെട്ടിടങ്ങൾ - 1827, വ്യാവസായിക കെട്ടിടങ്ങൾ 232, റിസോർട്ട്/ഹോട്ടൽ - 2, ഓഡിറ്റോറിയം, ലോഡ്ജ് തുടങ്ങിയവ കെട്ടിടങ്ങൾ - 99). പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും (96.2 %) നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവരിൽ

നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ഇത് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെയും മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 പഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ ഫാമുകൾക്ക് പ്രവർത്തനാനുമതി നൽകി.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും, ലൈസൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും മൃഗങ്ങളേയോ, പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കാനോ നടത്തിക്കൊണ്ടു പോകുവാനോ പാടുള്ളതല്ല (ചട്ടം.3).

ചട്ടം.6(1) പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ, ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം.1 ൽ അപേക്ഷ നൽകേണ്ടതും, അപേക്ഷയിൽ ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണം, ഈ ആവശ്യത്തിലേക്കായി ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ, നിർമ്മിക്കാനുദ്ദേശിക്കുന്നതായോ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറവിസ്തീർണ്ണം ഉൾപ്പടെ) ഉദ്ദേശിക്കുന്ന മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റു വട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഷെഡ്ഡുകളുടെ പ്ലാനും, സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യണം. എന്നാൽ മേൽ വിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെയും ചട്ടം.7(3) ൽ വ്യവസ്ഥ ചെയ്ത ഫീസിടാക്കാതെയും ഡി.ആൻ.ഒ. ലൈസൻസ് ഫീസ് മാത്രം ഈടാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ കോഴി ഫാമുകൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, മേൽവിലാസം, വാർഡ്/ കെട്ടിട നം | ഈടാക്കിയ ഡി.& ഒ. ലൈസൻസ് ഫീസ് | രശീതി നം., തീയ്യതി |
|---|---|---|---|
| 1 | ശ്രീ.ഷാജി തോമസ്സ്, വട്ടിക്കാട്ടിൽ, 13/114 A | 200 | 11601101396<br>15.07.2016 |
| 2 | ശ്രീ.വി.കെ.വർഗ്ഗീസ്, വേലിക്കകത്ത്, 10/311 A | 200 | 11601101984<br>06.09.2016 |
| 3 | ശ്രീ.ബിജു.സി.ജെ, ചിറ്റാട്ടു വടക്കേതിൽ, പുല്ലൂരാംപാറ, 8/76 | 200 | 11601103884<br>15.02.2016 |
| 4 | ശ്രീ.സെബാസ്റ്റ്യൻ, കുന്നേൽ, തുഷാരഗിരി, 4/161 A | 200 | 11601103901<br>16.02.2017 |
| 5 | ശ്രീ.പയസ്സ് കുട്ടി ജോർജ്ജ്, കാളാംപറമ്പിൽ, കൂടത്തായ്13/499 A | 200 | 11601104646 |

ചട്ടം .7(3) പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ഓരോ ലൈസൻസിനും ഫീസ് ഈടാക്കണം. ഇതിനായി ഫാമുകളെ ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം 6 തരത്തിൽ ഉൾപ്പെടുത്തി അനുയോജ്യമായ നിരക്ക് കണക്കാക്കണം. എന്നാൽ ഫാമുകളെ കുറിച്ച് വ്യക്തമായ വിവരശേഖരണം ലഭ്യമായിട്ടും ഫീസ് ഈടാക്കിയിട്ടില്ല. മേൽ വിവരിച്ച ഫാമുകളിൽ നിന്നും ഉചിതമായ നിരക്കിൽ ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി കാണുന്നു.

1. മേരി ക്യൂൻ.
2. റസ്സൻസ് സ്റ്റഡി സെന്റർ.

1999 ലെകേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം.3 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് അധികൃതർ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. സെക്രട്ടറിയുടെ അനുവാദമില്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളെ പ്രവർത്തിക്കുവാൻ അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.45/16-17, 21.08.2017) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 267 പ്രകാരമുള്ള പിഴ (1,000/-രൂപ വരെ) ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും, മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ പൂർണ്ണമായി ഉൾപ്പെടുത്തി ട്യൂട്ടോറിയൽ രജിസ്റ്റർ തയ്യാറാക്കി കാലികമായി പരിപാലിക്കേണ്ടതാണ്.

## 2-10 രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270, 270 (എ), 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3 (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്ഥാപിക്കാൻ പാടുള്ളതല്ല. 4(1), (2) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും 5(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിലും, ഓഡിറ്റ് കാലയളവിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ അശുപത്രി, പാരാമെഡിക്കൽ സ്ഥാപനം (പരിശീലന കേന്ദ്രങ്ങൾ, നഴ്സിംഗ് സ്കൂളുകൾ) രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. സ്ഥാപനങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. വിമല ആശുപത്രി
2. ഹെനിറ്റി ഡെന്റൽ ക്ലിനിക്ക്
3. ഡോ.ഫെസിമിസ് ഡെന്റൽ ക്ലിനിക്ക്.

രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച സ്വകാര്യ ആശുപത്രികകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയൽ പ്രവർത്തിക്കാൻ അനുവദിച്ചത് ശരിയല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിയമം നടപടികൾ സ്വീകരിക്കേണ്ടതും,

നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്.270എ) 1,000/- രൂപ വരെയുള്ള പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-11 റിസോർട്ടുകളുടെ രജിസ്ട്രേഷൻ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

1965 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ളിക് റിസോർട്ട് ചട്ടങ്ങളിലെ ചട്ടം 28(2) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധികളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വിന്യസിച്ച സഞ്ചയ സേഫ്റ്റ് വെയർ പ്രകാരം 2 റിസോർട്ടുകൾക്ക് കെട്ടിട നമ്പർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (KP. 4/144, K.P. 4/145, ഉടമസ്ഥൻ - ശ്രീ.ജോസ് തോമസ്, ഓണാട്ട്) എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത റിസോർട്ടുകൾ മേൽ വിവരിച്ച ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സ്പോർട്സ് പ്രോൽസാഹനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്ട് നം- എസ്.ഒ. 90 / 2016-17

ചെലവ് തുക - 131989/- രൂപ (വികസന ഫണ്ട് -ജനറൽ, ബിൽ നം.13/2016-17/ 27-3-2017)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി സ്പോർട്സ് പ്രോൽസാഹനത്തിനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിനായി താഴെ കാണിച്ച പ്രകാരമാണ് 1,31,989/- രൂപ ചെലവഴിച്ചിട്ടുള്ളത്

| തുക | റിമാർക്ക്സ് |
|---|---|
| 20000 | സ്റ്റീൽ ടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും ഹാന്റ് ബോൾ പോസ്റ്റ് വാങ്ങി വേളംങ്കോഡ് സ്കൂളിൽ സ്ഥാപിച്ചു. |
| 42309 | കോച്ചിങ്ങ് ക്യാമ്പിലേയ്ക്ക് നൽകുന്നതിനായി ടീം സ്പോർട്സ് എന്ന സ്ഥാപനത്തിൽനിന്ന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി |
| 64798 | ചലഞ്ചേഴ്സ് സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർസ് ഉപകരണങ്ങൾ വാങ്ങി വേളംങ്കോട് സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു |
| 4882 | ചലഞ്ചേഴ്സ് സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് സ്പോർസ് ഉപകരണങ്ങൾ വാങ്ങി വേളംങ്കോട് സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു |
| ആകെ - 131989 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള

ദിനപത്രത്തിലും വ്യാപകമായി പരസ്യം നൽകി ഓപ്പൺ ടെണ്ടറിങ്ങ് സമ്പ്രദായത്തിലൂടെയാണ് നടത്തേണ്ടത്. ഇവിടെ 4 ഘട്ടങ്ങളിലായി ടെണ്ടർ നടപടികളൊന്നും സ്വീകരിക്കാതെ വാങ്ങുകയാണ് ഉണ്ടായത്.

2) പഞ്ചായത്തിന്റെ ചുമതലയിൽ ഇല്ലാത്ത ചെലവ്

കേരള പഞ്ചായത്ത് രാജ് നിയമം 166 3ാം പട്ടിക പ്രകാരം കായിക മേഖലയിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക എന്നതാണ് പഞ്ചായത്തിന്റെ ചുമതല . കായിക പരിശീലനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതും സ്പോർട്സ് പ്രോൽസാഹനവും പഞ്ചായത്തിന്റെ ചുമതലയല്ല. സ്കൂൾ വിദ്യാർത്ഥികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കേണ്ടത് വിദ്യാഭ്യാസ വകുപ്പും, കേരള സംസ്ഥാന കായിക വിഭാഗവുമാണ്. [സ.ഉ.(എം.എസ്) നം.10/08/ പൊ.വി. തീയ്യതി. 07.01.2008, സ.ഉ.(എം.എസ്) നം 217/08/ പൊ.വി. തീയ്യതി. 11.11.2009 എന്നീ ഉത്തരവുകൾ കണ്ടാലും]. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ, ഖണ്ഡിക നം-4 ൽ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് നിയമം പ്രകാരം അനുവദിനീയമായ ചുമതലകളിൽ നിന്ന് വ്യതിചലിച്ച് സംസ്ഥാന വിദ്യാഭ്യാസ, കായിക വകുപ്പിന്റെ ചുമതലയിലുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ പൊതുപണം ചെലവഴിച്ചിരിക്കുന്നത്.

3) മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11-01-2016 നമ്പർ ഉത്തരവു പ്രകാരം നടത്താൻ നിർദ്ദേശിച്ചിട്ടില്ലാത്ത കാര്യത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളുടെ സഹകരണത്തോടെ ശാസ്ത്രീയമായാണ് പരിശീലന പരിപാടികൾ നടത്തേണ്ടത് .

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. 1,31,989/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-2 സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്ട് നം- എസ്.ഒ. 89 / 2016-17

ചെലവ് തുക - 4, 00,000/- രൂപ (വികസന ഫണ്ട് -ജനറൽ)

ബിൽ നം.10/2016-17/ 29-3-2017-20000)

ബിൽ നം.14/2016-17/ 29-3-2017 -39987

ബിൽ നം.15/2016-17/ 29-3-2017 -39755)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ചെലവ് തുക | അപാകത |
|---|---|
| 20,000 | സ്പീച്ച് തെറാപ്പി ക്ലാസ് എടുത്തതിന് ശ്രീമതി. P.K. രാധയ്ക്ക് നൽകിയ പ്രതിഫലം. BRC മുഖാന്തിരം ഡിപ്പാർട്ട്മെന്റ് തലത്തിൽ സ്പീച്ച് തെറാപ്പിയ്ക്ക് സംവിധാനം ഉണ്ടെന്നിരിക്കെ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത കാര്യത്തിന് പണം ചെലവഴിച്ചു. കൂടാതെ 1982-83 വർഷത്തിൽ ബാല സേവികാ ട്രെയിനിങ്ങ് കോഴ്സ് പാസായ ശ്രീമതി. P.K. രാധയ്ക്ക് സ്പീച്ച് തെറാപ്പി പരിശീലനം നൽകാനുള്ള യോഗ്യതയുണ്ടോ എന്ന് വ്യക്തമല്ല. |
| 39,755 | സ്കൂളുകളിലേയ്ക്ക് ഉച്ച ഭക്ഷണത്തിനുള്ള പാത്രങ്ങൾ വാങ്ങി. അംഗീകരിച്ച പ്രൊജക്ടിൽ ഈ ഒരു |

| | |
|---|---|
| | ചെലവ് ഉൾപ്പെടുന്നില്ല. പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല. കൂടാതെ വാങ്ങിയ പാത്രങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 59,755/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 3-3 നെൽകൃഷിയന്ത്ര വൽക്കരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രൊജക്ട് നം- എസ്.ഒ. 152 / 2016-17

ചെലവ് തുക - 1,50,748/- രൂപ (വികസന ഫണ്ട് -ജനറൽ)

ബിൽ നം. 09/2016-17/ 30-03-2017-1,07,677/-, ഗുണഭോക്തൃ വിഹിതം – 43,071/- നേരിട്ട് )

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ നെൽ കൃഷി ചെയ്യുന്ന വെള്ളൂ വയൽ പാടശേഖര സമിതിയ്ക്ക് ഒരു ടില്ലർ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1)യന്ത്രം കാർഷികാവശ്യത്തിന്ന് ഉപയോഗിയ്ക്കാൻ തുടങ്ങിയില്ല.

29-03-2017 ന് KADCO യിൽ നിന്ന് ലഭിച്ചിട്ടുള്ള യന്ത്രം 5 മാസം പിന്നിട്ടിട്ടും കാർഷികാവശ്യത്തിന് ഉപയോഗിയ്ക്കാൻ തുടങ്ങിയിട്ടില്ല.സമിതി സെക്രട്ടറി ശ്രീ.പോൾ.ടി.ഐസക്കിന്റെ വീട്ടിൽ സൂക്ഷിച്ചിരിയ്ക്കുകാണ്.

2) 150748 രൂപ വിലയുള്ള യന്ത്രം പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ വന്നിട്ടില്ല

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-4 നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നം- എസ്.ഒ. 151 / 2016-17

ചെലവ് തുക - 102000/- രൂപ

(വികസന ഫണ്ട് -ജനറൽ

ബിൽ നം.03/2016-17/ 25-3-2017-51000

ജില്ലാപഞ്ചായത്ത്

ചെക്ക് നം.3426483/30-3-2017- 51000)

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ നെൽ കർഷകർക്ക് കൂലി ചെലവ് സബ്സിഡി നൽകിയിട്ടുണ്ട് ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11-1-2016 നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയിൽ കർഷകരിൽ നിന്ന് മുൻകൂറായി തുക ഈടാക്കി വിള ഇൻഷൂർ ചെയ്തിരിക്കണമെന്ന വ്യവസ്ഥ പാലിയ്ക്കാതെ യാണ് സബ്സിഡി തുക നൽകിയ്ട്ടുള്ളത്. നടീൽ കൊയ്ത്ത് എന്നിവയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-5 എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- പദ്ധതി നടത്തിപ്പിലെ

അപാകതകൾ.

പ്രൊജക്റ്റ് നമ്പർ - 225/2016-17

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മാസ്റ്റർ

ചെലവ് - 98,023/- (വികസന ഫണ്ട് എസ്.സി.പി-90800 , ബിൽ നമ്പർ- 12/16-17/29-03-17, തനത് ഫണ്ട്- 7223 )

ഗ്രാമപഞ്ചായത്തിലെ പത്താംതരം പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ പ്രകാരം തെരഞ്ഞെടുത്ത സഫാരി സൈക്കിൾ എന്ന സ്ഥാപനത്തിൽ നിന്ന് 25 സൈക്കിളുകൾ വാങ്ങി 5 സ്കൂളുകളിലെ വിദ്യാർഥികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)/4/2016/ത.സ്വ.ഭ.വ/11.1.16 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-8 നിർദ്ദേശിക്കുന്ന പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെങ്ങനെയെന്ന് വ്യക്തമല്ല.

2) ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചില്ല

ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ന് 98023 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 3-6 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പദ്ധതി- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്റ്റ് നം- എസ്.ഒ. 88 / 2016-17

ചെലവ് തുക - 4,00,000/- രൂപ (വികസന ഫണ്ട് -ടി.എസ്.പി)

ബിൽ നം.01/2016-17/ 24-3-2017)

ബിൽ നം.08/2016-17/ 24-3-2017

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11-1-2016 നമ്പർ ഉത്തരവ് ഖണ്ഡിക 11-10 പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പാകം ചെയ്ത ഭക്ഷണം കുടുംബശ്രീ മുഖേന നൽകണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2) ഭക്ഷണം വിതരണം ചെയ്ത സ്കൂളുകളിൽ 10% മെങ്കിലും പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ് പഠിയ്ക്കുന്നത് എന്ന് ഉറപ്പു വരുത്തിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം - മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രോജക്റ്റ് നടപ്പിലാക്കിയതും മറ്റ് അപാകതകളും

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വെച്ച് ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ പേര്, | ഫണ്ട് | നൽകിയ | ബിൽ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| നം. | നം. | | തുക | നം., തീയതി |
| 1 | പ്ലാസ്റ്റിക് മാലിന്യ ശേഖരണം, നിർമ്മാർജ്ജനം<br>എസ്. 0204/17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,80,000/- രൂപ | ബിൽ നം. 44/16-17 തീയതി. 28.3.17 |

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച അജൈവ പാഴ് വസ്തുക്കൾ കർണാടകയിലെ നിറവ് സെഗ്രിഗേഷൻ & റീ സൈക്ലിംഗ് യൂണിറ്റിലെത്തിച്ച് തരം തിരിച്ച നൽകുന്ന പ്രവൃത്തി 4,80,000/- രൂപക്ക് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് , കോഴിക്കോട് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയായിരുന്നു. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2013 ലെ കമ്പനി നിയമ പ്രകാരം രൂപീകൃതമായ മേൽ സ്ഥാപനത്തിൽ നിന്നും നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതിയും സേവന നികുതിയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതികൾ ഈടാക്കിയിട്ടില്ല.

2. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ( സ.ഉ. (എം.എസ്.) നം. 4/2016/ത.സ്വ.ഭ.വ തീയതി 11.1.2016 ) ഖണ്ഡിക 11.12 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ.

എ. പൊതു മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി സ്ഥലം വാങ്ങൽ.

ബി. പൊതു മാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കൽ.

സി. മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപ കൽപ്പന ചെയ്ത വാഹനങ്ങൾ വാങ്ങൽ.

ഡി. സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ പ്ലാന്റുകൾ / യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകൽ.

മാലിന്യ സംസ്കരണത്തിന് മേൽ ഗണത്തിലൊന്നും പെടാത്ത പ്രോജക്ട് നടപ്പിലാക്കിയതിനും തുക കൈപ്പറ്റിയ സ്ഥാപനത്തിൽ നിന്നും നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതിയും സേവന നികുതിയും ഈടാക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 24/16-17 തീയതി 19-8-2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു.

### 3-8 മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി ) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കേണ്ടിയിരുന്ന മെഡിക്കൽ ഉപകരണങ്ങൾ ഓഡിറ്റ് തീയതി വരെയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ചെലവ് |
|---|---|---|---|
| വൃദ്ധജന പരിചരണം, 192/17 | 2,00,000/-രൂപ | വികസന ഫണ്ട് | ബിൽ നം. 13/16-17 തി. 28.3.2017<br>48,807- /-രൂപ |

<u>ലഭിക്കേണ്ടിയിരുന്ന മെഡിക്കൽ ഉപകരണങ്ങൾ</u>

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ബി. പി. അപ്പാരറ്റസ് | 11 | 1,550 | 17,050 |
| 2 | സ്റ്റെതസ്കോപ്പ് | 11 | 300 | 3,300 |
| 3 | ഗ്ലൂക്കോമീറ്റർ | 11 | 500 | 5,500 |
| 4 | ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് | 44 | 500 | 22,000 |
| | ഹാന്റ് ലിംഗ് ചാർജ്ജസ് - 2% | | | 957 |
| | ആകെ | | | 48,807 |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മേൽപ്രകാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 48,807/- രൂപയുടെ ചെലവ് തടസ്സ്തതിൽ വെയ്ക്കുന്നു.

### 3-9 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ ( ഹോമിയോ ) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ - ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും ലഭിക്കേണ്ടിയിരുന്ന മരുന്നുകൾ ഓഡിറ്റ് തീയതി വരെയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നം. | തുക | ഫണ്ട് | ചെലവ് |
|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ, 14/17 | 4,00,000/ | മെയിന്റനൻസ് ഫണ്ട് - റോഡിതരം | ബിൽ നം. 1/16-17 തി.25.1.2017 - 4,00,000/-രൂപ |

മേൽ പ്രകാരമുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

### 3-10 തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങി- വാറ്റ് തുക ഈടാക്കിയില്ല.

2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൻ മെറ്റീരിയൽസ് ഉൾപ്പെട്ട 19 മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ സിമെന്റ്, എം സാന്റ്, 20 എം.എം 40 എം.എം മെറ്റൽ തുടങ്ങിയ 55,41,790/- രൂപയുടെ സാധന സാമഗ്രികൾ പഞ്ചായത്തിലെ വിവിധ സൈറ്റുകളിൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. 2 പേർ ടെണ്ടറിൽ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്ന് 1% കുറവ് ക്വാട്ട് ചെയ്ത ശ്രീ.സിബി. എൻ.കെ, വേളംകോട് എന്ന പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർക്ക് ഭരണസമിതിയുടെ 11.01.2017ലെ യോഗത്തിലെ 5/17(1) നം. തീരുമാനപ്രകാരം കരാർ നൽകുകയും ചെയ്തു. താഴെ പറയുന്ന മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ ടെണ്ടർ നിബന്ധന പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്തിട്ടുണ്ട്. ഈ സാധനങ്ങൾക്ക് ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ വാറ്റ് ഈടാക്കിയിട്ടില്ല. സാധന സാമഗ്രികൾ വിതരണം ചെയ്തതിന് ഫോറം 8-B പ്രകാരമുള്ള ബിൽ (rule 58, KVAT rules) ബിൽ സമർപ്പിച്ചിട്ടില്ല. സമർപ്പിച്ചിട്ടുള്ള ബില്ലിൽ ടിൻ നമ്പർ എഴുതിയിട്ടുണ്ടെങ്കിലും സാധന വിലയുടെ നിയമാനുസൃതമായ നികുതി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധനസാമഗ്രികൾ വിറ്റ വകയിൽ കരാറുകാരിൽ നിന്നും 10mm metal, 20mm metal, 40mm metal, Cement, M-sand, Quarry muck എന്നിവയ്ക്ക്- 14.5% നിരക്കിലും Departmental rubble – 5% നിരക്കിലും നികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

താഴെ കാണിച്ച പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ തുക | സാധന സാമഗ്രികളുടെ വില | ഈടാക്കേണ്ട വാറ്റ് % | ഈടാക്കേണ്ട വാറ്റ് തുക |
|---|---|---|---|---|---|
| 1 | ചിപ്പിലിത്തോട് കണ്ടനാട്ട് പടി റോഡ് കോൺക്രീറ്റ് | 3,51,517 | 2,62,903 | 14.5 | 38,121 |
| 2 | നൂറാം തോട് ആകാശവാണിക്കുന്ന് റോഡ് കോൺക്രീറ്റ് | 2,99,172 | 2,15,248 | 14.5 | 31,211 |
| 3 | വെട്ടുകുന്നേൽപടി കൃഷ്ണ വിലാസം റോഡ് കോൺക്രീറ്റ് | 2,83,987 | 2,15,107 | 14.5 | 31,191 |
| 4 | കുന്നറ്റേറ്റുപടി കളപ്പുര പടി റോഡ് കോൺക്രീറ്റ് | 25,448 | 15,368 | 14.5 | 2,228 |
| 5 | പുന്നക്കുട്ടി സ്മശാനം റോഡ് കോൺക്രീറ്റ് | 3,53,081 | 2,62,911 | 14.5 | 38,122 |
| 6 | കുരോട്ടുപാറ കണ്ടത്തിൽ പടി റോഡ് | 3,50,059 | 2,52,989 | 14.5 | 36,683 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | |
| 7 | പുലിക്കയം നാല് സെന്റ് കോളനി സൈഡ് | 2,14,325 | 1,27,515 | 14.5 | 18,489 |
| 8 | മുരിക്കിൻ ചാൽ ചിറക്ക പടി റോഡ് കോൺക്രീറ്റ് | 3,53,872 | 2,60,512 | 14.5 | 37,774 |
| 9 | തോണിപ്പാറ വയലോരം ചർച്ച് റോഡ് കോൺക്രീറ്റ് | 4,32,801 | 3,25,822 | 14.5 | 47,244 |
| 10 | ഇത്താക്ക് കോളനി റോഡ് കോൺക്രീറ്റ് | 3,33,231 | 2,54,830 | 14.5 | 36,950 |
| 11 | മുറമ്പാത്തി മലങ്കരപ്പള്ളി തടത്തിൽ പടി റോഡ് കോൺക്രീറ്റ് | 3,51,733 | 2,60,223 | 14.5 | 37,732 |
| 12 | പടയാറ്റിപടി തെയ്യാംപുറം റോഡ് കോൺക്രീറ്റ് | 3,57,314 | 2,68,144 | 14.5 | 38,881 |
| 13 | ആലിക്കോട് പീച്ചമ്പ്ര റോഡ് കോൺക്രീറ്റ് | 3,52,563 | 2,62,903 | 14.5 | 38,121 |
| 14 | കരിമ്പാലക്കുന്ന് മഠത്തിൽ പടി റോഡ് കോൺക്രീറ്റ് | 3,55,409 | 2,62,905 | 14.5 | 38,121 |
| 15 | കള്ളന്ദ്രമേഡ് ബംഗ്ളാവുകുന്ന് റോഡ് കോൺക്രീറ്റ് | 3,51,324 | 2,62,894 | 14.5 | 38,119 |
| 16 | നിരന്ന പാറ റോഡ് കോൺക്രീറ്റ് | 1,75,591 | 1,32,261 | 14.5 | 19,178 |
| 17 | തേക്കിൻതോട്ടം മാതപ്പാറ റോഡ് കോൺക്രീറ്റ് | 3,46,888 | 2,61,946 | 14.5 | 37,982 |
| 18 | ക്രൂശർപ്പടി കൊല്ലം കുന്നേൽപടി പടി റോഡ് കോൺക്രീറ്റ് | 3,63,155 | 1,80,446<br>71,379 | 14.5<br>5 | 26,168<br>3,569 |
| 19 | ചൂരമുണ്ട ജാരക്കാട്ട പടി റോഡ് കോൺക്രീറ്റ് | 1,34,120 | 81,950 | 14.5 | 11,823 |
| ആകെ | | | | | 6,07,707 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. വാറ്റ് റൂൾസ് പ്രകാരമുള്ള നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് 6,07,707/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. തുക സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-11 തൊഴിലുറപ്പ് പദ്ധതി നികുതി ഇനത്തിൽ കരാറുകാരന് അധിക തുക അനുവദിച്ചു

2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ സിമെന്റ്, എം.സാന്റ്, 20 എം.എം, 40 എം.എം മെറ്റൽ തുടങ്ങിയ സാധന സാമഗ്രികൾ പഞ്ചായത്തിലെ വിവിധ സൈറ്റുകളിൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 2 പേർ ടെണ്ടറിൽ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്ന് 1% കുറവ് ക്വാട്ട് ചെയ്ത ശ്രീ.സിബി.എൻ.കെ, വേളംകോഡ് എന്ന പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർക്ക് 11.01.2017ലെ ഭരണസമിതിയുടെ യോഗ തീരുമാനപ്രകാരം (5/17(1) നം.) കരാർ നൽകുകയും ചെയ്തു. താഴെ പറയുന്ന മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ ടെണ്ടർ നിബന്ധന പ്രകാരം സപ്ലൈ ചെയ്തിട്ടുണ്ട്. ഈ സാധനങ്ങൾക്ക് ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ വിലയുടെ 4 % തുക അധികം അനുവദിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ബിൽ ബുക്ക് | ബിൽ പ്രകാരം അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| വാട്ടുകുന്നേൽ പടി കൃഷ്ണ വിലാസം റോഡ് | 133/16-17<br>പേജ്-15 | 2,15,107 | 2,23,711 | 8,607 |
| ചിറക്കൽ ചാലിൽപ്പടി റോഡ് | 135/16-17<br>പേജ്-14 | 2,60,512 | 2,70,932 | 10,420 |
| മുറമ്പാത്തി മലങ്കരപ്പള്ളി തടത്തിൽ പടി റോഡ് കോൺക്രീറ്റ് | 167/16-17<br>പേജ്-16 | 2,60,223 | 2,70,631 | 10,408 |

| | | | | |
|---|---|---|---|---|
| കരിമ്പാലക്കുന്ന് മടത്തിൽ പടി റോഡ് കോൺക്രീറ്റ് | 137/16-17<br>പേജ്-15 | 2,62,905 | 2,73,421 | 10,516 |

ആകെ – 39951

ടെണ്ടർ വ്യവസ്ഥയിലോ കരാറിലോ വ്യവസ്ഥ ചെയ്യാതെ അധിക തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 39,951/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-12 തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങൽ ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച..

2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയ്ക്കായി മെറ്റീരിയൽസ് ഉൾപ്പെട്ട 19 മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ 55,41,790/- രൂപയുടെ സാധന സാമഗ്രികൾ പഞ്ചായത്തിലെ വിവിധ സൈറ്റുകളിൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. 2 പേർ ടെണ്ടറിൽ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്ന് 1% കുറവ് ക്വാട്ട് ചെയ്ത ശ്രീ. സിബി.എൻ.കെ, വേളംകോഡ് എന്ന പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർക്ക് കരാർ നൽകി സാധനങ്ങൾ വാങ്ങി. എന്നാൽ വാങ്ങൽ നടപടിക്രമങ്ങളിൽ 12.05.2015 ലെ (എം.എസ്) 13/15/ഐ.ടി.ഡി നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. ആയതു പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 സാനിറ്ററി യൂണിറ്റ് (കക്കൂസ് നിർമ്മാണം, ഒ.ഡി.എഫ് )- ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചില്ല

പ്രൊജക്ട് നം- എസ്.ഒ. 01/17

വികസന ഫണ്ട് ചെലവ്- 569800

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഈ പദ്ധതിയിൽ 37 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ നൽകുന്ന 12000 രൂപയും പഞ്ചായത്ത് 3400 രൂപയും വീതമായിരുന്നു പദ്ധതിയ്ക്ക് വിനിയോഗിക്കേണ്ടിയിരുന്നത് . എന്നാൽ ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭിച്ചെങ്കിലും പദ്ധതിയ്ക്കായി മുഴുവൻ തുകയും (569800/-രൂപ 15400 X 37 ) വികസന ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 1/16-17 | 02-09-17 | 3,23,400 |
| 2/16-17 | 08-11-16 | 2,46,400 |
| | ആകെ | 5,69,800 |

ശുചിത്വ മിഷനിൽ നിന്ന് odf പദ്ധതിയ്ക്കായി ലഭിച്ച 668000 രൂപ ടി പദ്ധതിയ്ക്കായി വിനിയോഗിയ്ക്കാതെ SBI TSC ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുക.യാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 1915 | 18-01-17 | 4,50,800 |
| 2718 | 20-03-17 | 2,17,200` |
| | ആകെ | 6,68,000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 വനിതകൾക്ക് ഓട്ടോറിക്ഷാ പദ്ധതി- സബ്സിഡി തുക ലഭ്യമാകുന്നത് സംബന്ധിച്ച്.

പ്രൊജക്ട് നം- എസ്.ഒ. 224 / 2016-17

ചെലവ് തുക - 40,000/- രൂപ (വികസന ഫണ്ട് -ജനറൽ, ബിൽ നം.08/2016-17/ 23-1-2017)

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ശ്രീമതി.ജോയ്സി തങ്കച്ചൻ എന്ന ഗുണഭോക്താവിന് സബ്സിഡി നൽകുന്നതിനായി 40,000/- രൂപ കേരള ഗ്രാമീണ ബാങ്കിന് നൽകിയിട്ടുണ്ട്. ജോയ്സി തങ്കച്ചന് വായ്പാ ബന്ധിത ബാക്ക് എൻഡ് സബ്സിഡിയായി ലോൺ അടവിന്റെ അവസാന ഘട്ടത്തിലാണ് സബ്സിഡി തുക ബാങ്ക് അനുവദിയ്ക്കുക. ശ്രീമതി.ജോയ്സി തങ്കച്ചന്റെ വായ്പാ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചപ്പോൾ അവർ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നതും, ബാങ്ക് പിഴ ഈടാക്കുകയും ചെയ്യുന്നതായി കാണുന്നു. വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നത് സബ്സിഡി ആനുകൂല്യം ഗുണഭോക്താവിന് ലഭിയ്ക്കാത്ത സാഹചര്യം ഉണ്ടാക്കും. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

പഞ്ചായത്തിലെ ഭവനരഹിതർക്ക് വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടിലാലത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഏതാനും ഗഡുക്കൾ മാത്രം കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഈയിനത്തിൽ ചെലവഴിച്ച തുക പാഴാകുന്നതിനും സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി എന്ന ഗവൺമോന്റ് ലക്ഷ്യത്തിന് വിഘാതവുമായിത്തീരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെപേര് ആരംഭിച്ച വർഷം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയതുക | ബാക്കി നൽകാ നുള്ളത് |
|---|---|---|---|
| എസ്.സി. ഭവന നിർമ്മാണം 2011-12 | സതീഷ് | 30,000 | 1,70,000 |
| | റീത്ത | 30,000 | 1,70,000 |
| | ജാനു മണി | 1,80,000 | 20,000 |
| ഇ.എം.എസ് ഭവന പദ്ധതി 2008-09,2009-10 | യോഹന്നാൻ | 52,500 | 22,500 |
| | രാജു | 22,500 | 52,500 |
| | ഭാർഗവി | 22,500 | 52,500 |
| | ഷൈജു | 22,500 | 52,500 |
| | ബാലൻ | 22,500 | 52,500 |
| | ശശി | 52,500 | 22,500 |
| | റസാക്ക് | 22,500 | 52,500 |
| | നടരാജ് | 22,500 | 52,500 |
| | ഏലിയാമ്മ | 22,500 | 52,500 |
| | തങ്ക | 67,500 | 7,500 |
| | വസന്ത | 52,500 | 22,500 |
| | മറിയക്കുട്ടി | 52,500 | 22,500 |
| | വർഗീസ് | 52,500 | 22,500 |
| | ഹംസ | 52,500 | 22,500 |
| | ആമിന | 22,500 | 52,500 |
| | സുനീഷ് | 22,500 | 52,500 |
| | സജി | 67,500 | 7,500 |
| | ബിജു | 67,500 | 7,500 |
| വനിതകൾക്കുള്ള ഭവന പദ്ധതി 2011-12 | ശ്രീജ | 52,500 | 22,500 |
| | മാർഗരറ്റ് | 52,500 | 1,50,000 |
| എസ്.ടി ഭവനം 2012-13 | സീത | 1,00,000 | 22,500 |
| | മാളു | 25,000 | 2,25,000 |
| ഭവനം ജനറൽ, 2013-14 | ദേവസ്യ | 80,000 | 1,20,000 |
| ഭവനം വനിത, 2014-15 | ദേവകി | 1,60,000 | 40,000 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന ഭവന പദ്ധതികളിൽ വീട് നിർമ്മിക്കുന്നതിന് സബ്സിഡിയായി തുക

ലഭിക്കുന്ന ഗുണഭോക്താക്കൾ കൃത്യമായി നിർദ്ദേശിച്ച കാലയളവിൽ തന്നെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ ആയതിനുള്ള നടപടികളോ, ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികളോ സ്വീകരിക്കാതെയിരുന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായിട്ടാണ് വിലയിരുത്തുക. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-16 ഹോമിയോ ആശുപത്രി നടത്തിപ്പ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന് സർക്കാർ ഉത്തരവ് പ്രകാരം വിട്ടുകിട്ടിയ ഹോമിയോ ആശുപത്രി കൂടാതെ വട്ടച്ചിറ പണിയ സങ്കേതത്തിൽ ഹോമിയോ ആശുപത്രി കൂടി പ്രവർത്തിയ്ക്കുന്നുണ്ട്. പ്രസ്തുത ആശുപത്രിയുടെ കെട്ടിടം ട്രൈബൽ ഡെവലപ്പ്മെന്റ് വകുപ്പിന്റെ കീഴിലാണ്. പ്രസ്തുത കെട്ടിടവും പത്ത് സെന്റ് സ്ഥലവും ട്രൈബൽ ഡെവലപ്പ്മെന്റ് വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുണ്ടെങ്കിൽ മാത്രമെ ഹോമിയോ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ എന്ന് 28.09.2016 ലെ 101/16(2) നമ്പർ ഭരണ സമിതിയുടെ യോഗതീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി തീരുമാന പ്രകാരം ഹോമിയോ ആശുപത്രി പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും വിട്ടുകിട്ടിയിട്ടുണ്ടെങ്കിൽ ഹോമിയോ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒരു ഹോമിയോ ആശുപത്രി പ്രവർത്തിയ്ക്കുന്നതിനാൽ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുണ്ടെങ്കിൽ മാത്രമെ ഹോമിയോ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ. ഹോമിയോ ആശുപത്രി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ഡിമാന്റ് ഡ്രാഫ്റ്റ് ബാങ്കിൽ നിക്ഷേപിയ്ക്കാതെ ഫയലിൽ സൂക്ഷിക്കുന്നു.

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ</u>

മൃഗാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ ടെണ്ടർ ലഭിച്ച സ്ഥാപനങ്ങൾ സുരക്ഷിത നിക്ഷേപമായി നൽകിയിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് തുകകൾ ബാങ്കിൽ നിക്ഷേപിയ്ക്കാതെ ഫയലിൽ സൂക്ഷിച്ചിരിയ്ക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.ഡി.നമ്പർ | തിയ്യതി | തുക |
|---|---|---|
| 700840 | 27-01-17 | 6000 |
| 700839 | 25-01-17 | 4000 |
| 339024 | 27-01-17 | 10000 |
| 043033 | 25-12-17 | 4000 |
| 043038 | 27-01-17 | 6000 |
| 043161 | 27-02-17 | 10270 |
| ആകെ | | 40270 |

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഫയലിൽ സൂക്ഷിക്കുന്നതുമൂലം സർക്കാറിന് നഷ്ടമുണ്ടാകുന്നു എന്ന സ്റ്റോർ പർച്ചേസ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധന വകുപ്പ് 27-08-2010 ൽ പുറപ്പെടുവിച്ചിട്ടുള്ള 80/2010/ധനം നമ്പർ സർക്കുലറിൽ ഇങ്ങനെ ലഭിയ്ക്കുന്ന ഡി.ഡി തുകകൾ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും തിരിച്ചു നൽകുന്ന സമയത്ത് പ്രസ്തുത അക്കൗണ്ടിൽനിന്നും തുക നൽകണമെന്നും നിർദ്ദേശിക്കുന്നു. 3 മാസം കാലാവധിയുള്ള ഡി.ഡി കൾ ഇൻവാലിഡ് ആകുകയും കരാർ ലംഘനമുണ്ടായാൽ ഈടാക്കാൻ സാധിയ്ക്കാത്ത അവസ്ഥയുമുണ്ടാകുന്നു.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-18 വെള്ളക്കരം അടവ് - സംയുക്ത പരിശോധന നടത്തിയില്ല

2016-17 വർഷം സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് കേരളാ വാട്ടർ അതോറിറ്റിയിൽ 5,05,315/- രൂപ അടച്ചിട്ടുണ്ട്. 28.09.2011 ലെ ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം, ആയവ സ്ഥാപിച്ച സ്ഥലം, ആയത് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നുള്ള വിവരം എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടക്കുന്ന തുക യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്ക് ആനുപാതികമായ തുകയാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-19 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവ് - സംയുക്ത പരിശോധന നടത്തിയില്ല

2016-17 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി യിൽ 2,52,410/- രൂപ അടച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ആയവ സ്ഥാപിച്ച സ്ഥലം, ആയത് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നുള്ള വിവരം എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി യിൽ അടക്കുന്ന തുക യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾക്ക് ആനുപാതികമായ തുകയാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനായി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

2013-14 സാമ്പത്തിക വർഷം മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക നൽകിയ തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 31.03.2013 | 4,25,000 | 3,77,611 | 47,389 |
| 2 | വാട്ടർ കണക്ഷൻ | 27.02.2015 | 1,10,000 | - | 1,10,000 |
| 3 | പൈപ്പ് ലൈൻ നീട്ടൽ | 27.02.2015 | 50,000 | - | 50,000 |
| 4 | പൈപ്പ് ലൈൻ നീട്ടൽ | 27.02.2015 | 1,00,000 | - | 1,00,000 |
| 5 | വട്ടച്ചിറ കോളനി കുടിവെള്ള പദ്ധതി | 17.02.2016 | 1,57,500 | - | 1,57,500 |
| | ആകെ | | 8,42,500 | 3,77,611 | 4,64,889 |

പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിക്ക് അനുവദിച്ചത്. പദ്ധതി പ്രദേശം ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുകൾ ഉള്ളതാണെന്നും അതീവ ദുർഘടമാണെന്നും സാധ്യത പഠനം നടത്തിയപ്പോൾ തന്നെ ബോദ്ധ്യപ്പെട്ടതാണ്. ആയതിനു ശേഷം അനാവശ്യമായ

കാരണങ്ങൾ ചൂണ്ടികാട്ടി പ്രവൃത്തികൾ വൈകിപ്പിച്ചത് അംഗീകരിക്കാവുന്നതല്ല. പ്രസ്തുത പ്രദേശത്ത് തന്നെയാണ് R.G.G.V.Y (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന) പദ്ധതി നടപ്പാക്കിയതും. പ്രവർത്തി പൂർത്തീകരിക്കാതെയും തുക തിരികെ നൽകാതെയും ചെയ്തത് സർക്കാരിനെ അറിയിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഭരണസമിതിയുടേയും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ് വ്യക്തമാക്കുന്നത്.

1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം 6(3) പ്രകാരം പഞ്ചായത്തിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിനോ, സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, ജോലി പൂർത്തികരിക്കേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതിരുന്നതിനാൽ പദ്ധതി നടത്തിപ്പ് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിന് സാധിച്ചില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-21 ഐ.എ.വൈ വിഹിതം നല്കൽ - രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

ഐ.എ.വൈ. പദ്ധതി മുഖേന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനായി 7,65,000/- രൂപ (ഗ്രാമപഞ്ചായത്തിന്റെ വിഹിതം) കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നം. | ഫണ്ട് | നൽകിയ തുക | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | ഐ.എ.വൈ അധിക വിഹിതം നൽകൽ (പട്ടിക വർഗ്ഗം ), 320/17 | വികസന ഫണ്ട് ടി.എസ്.പി | 25,000 | 30/16-17 17.03.2017 |
| 2 | ഐ.എ.വൈ / പി.എം.എ.വൈ അധിക വിഹിതം നൽകൽ (പട്ടിക ജാതി ), 10/17 | വികസന ഫണ്ട് എസ്.സി.പി | 50,000 | 34/16-17 17.03.2017 |
| 3 | ഐ.എ.വൈ / പി.എം.എ.വൈ അധിക വിഹിതം നൽകൽ, (പട്ടിക വർഗ്ഗം ), 11/17 | വികസന ഫണ്ട് ടി.എസ്.പി | 40,000 | 36/16-17 17.03.2017 |
| 4 | ഐ.എ.വൈ / പി.എം.എ.വൈ അധിക വിഹിതം നൽകൽ (ജനറൽ )9/17 | വികസന ഫണ്ട് പൊതു വിഭാഗം | 3,00,000 | 35/16-17 17.03.2017 |
| 5 | ഐ.എ.വൈ / പി.എം.എ.വൈ അധിക വിഹിതം നൽകൽ, (പട്ടിക ജാതി), 319/17 | വികസന ഫണ്ട് എസ്.സി.പി | 3,50,000 | 32/16-17, 17.03.2017 |
| | ആകെ | | 7,65,000 | |

മേൽ പ്രകാരം വിവിധ പ്രോജക്ടുകളിൻ കീഴിൽ 7,65,000/- രൂപ ഐ.എ.വൈ വിഹിതമായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയെങ്കിലും ആയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

### 3-22 വിവിധ ഏജൻസികൾക്ക് നൽകിയ തുകകൾ - രശീതി, വിനിയോഗം, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം താഴെപ്പറയുന്ന ഏജൻസികൾക്ക് നൽകിയ തുകകളുടെ രശീതി, വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല.

| ക്രമ നം | പ്രോജക്ട് പേര്, നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 1 | ഐ. കെ. എം വിഹിതം നൽകൽ-101/17<br>അടങ്കൽ തുക - 80,733/- രൂപ (വികസന ഫണ്ട്)<br>ചെലവ് - 80,733/- രൂപ<br>ബിൽ നം. - 14/16-17 തീയതി 19.12.2016 | ഐ. കെ. എം , തിരുവനന്തപുരം |

| | | |
|---|---|---|
| 2 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ – 324/17<br>അടങ്കൽ തുക - 5,00,000/- രൂപ (വികസന ഫണ്ട് )<br>ചെലവ് തുക - 5,00,000/- രൂപ<br><br>ബിൽ നം. - 45/16-17 തീയതി 28.03.2017 | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം |
| 3 | പൈപ്പ് ലൈൻ നീട്ടൽ – 205/17<br>അടങ്കൽ തുക - 5,00,000/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ്<br><br>ചെലവ് തുക - 5,00,000/- രൂപ<br>ബിൽ നം. - 28/16-17 തീയതി 28.02.2017 | കേരള വാട്ടർ അതോറിറ്റി, കോഴിക്കോട് |

മേൽ ഏജൻസികൾക്ക് നൽകിയ തുകകളുടെ രശീതി, വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-23 റോഡുനിർമ്മാണം -പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു ഓംബുഡ്സ്മാൻ മൻപാകെ സമർപ്പിച്ച 876/12 നമ്പർ ഒ.പിയിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 15 ൽ കോടഞ്ചേരി കൂടത്തായ് റോഡിൽ വന്നുചേരുന്ന കാഞ്ഞിരാട് -വേളംകോട് (കാഞ്ഞിരാവ് -കടുകീരിപ്പാടി ) റോഡിന്റെ സൈഡിൽക്കൂടി തെക്കുഭാഗത്തായ് ഒരു തോട് ഒഴുകുന്നുണ്ടെന്നും ആയതിന്റെ സൈഡ് കരിങ്കല്ലുകൊണ്ട് കെട്ടിയതായിരുന്നുവെന്നും ആയത് ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണെന്നും മേൽ തോടിന്റെ സൈഡ് കരിങ്കല്ല് കെട്ടി സംരക്ഷിച്ചില്ലെങ്കിൽ കാഞ്ഞിരാട്--കടുകീരിപ്പടിറോഡ് തകർന്ന പോകുമെന്നും ആയത് സംരക്ഷിക്കുന്നതിനും പ്രസ്തുതറോഡ് നവീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും സൂചിപ്പിച്ചിട്ടുണ്ട്. കൊടുവള്ളി ബ്ലോക്കുപഞ്ചായത്ത് പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് 50,000/- രൂപ 2012-13 സാമ്പത്തികവർഷം വകയിരുത്തിയിരുന്നെങ്കിലും ആയത് പ്രവൃത്തി നടത്താതെ നഷ്ടപ്പെട്ടതായും സൂചിപ്പിച്ചിട്ടുണ്ട്. മേൽ സൂചിത റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോയെന്നും ആയതിന്റെ നവീകരണത്തിനായി തുടർവർഷങ്ങളിൽ പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഡ് നിവാസികളുടെ താൽപര്യാർത്ഥം ഫയൽ ചെയ്ത കേസ് ആയതിനാൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 പ്രൊക്യൂർമെന്റ് കമ്മിറ്റി- സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം 2016-17 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിത നടപടികളിലൂടെ വാങ്ങൽ നടപടി ആരംഭിക്കേണ്ടതുമാണ്. നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങേണ്ടതാണ്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരംനടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

പ്രകാരമുള്ള വാങ്ങലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി ഒന്നിച്ച് വാങ്ങേണ്ടതാണ്.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും റേറ്റ് കോൺട്രാക്ട്/ ടെണ്ടർ/കൊട്ടേഷൻ മാർഗ്ഗങ്ങൾ മുഖേന സ്വന്തം നിലയിൽ വാങ്ങുകയാണുണ്ടായത്.സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി ഒരേ സ്വഭാവമുള്ള വാങ്ങലുകൾ ഒരുമിച്ച് നടത്തിയില്ല.

2. സ്ഥാപനത്തിന്റെ വാങ്ങലുകൾക്ക് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പർച്ചേസിംഗ് ടീം, ഫിനാൻസ് ടീം എന്നിവ രൂപീകരിച്ചിട്ടില്ല.

3.ഓഡിറ്റ് വർഷത്തിലെ വാങ്ങലുകൾ അതാത് മേഖലകളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിച്ചതിനാൽ, ഇത് സംബന്ധിച്ച രേഖകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം ഒരുമിച്ച് കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വൽ വിഭാവനം ചെയ്യുന്ന തരത്തിൽ സാധന സേവനങ്ങളുടെ സമാഹരണത്തിൽ ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി,പർച്ചേസ് ടീം എന്നിവ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഈ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-25 കുടിവെള്ള വിതരണം - ആദായ നികുതിയും സേവന നികുതിയും ഈടാക്കിയില്ല.

<u>വൗച്ചർ നം. 21600310 തീയതി 07.07.2016, ചെക്ക് നം. 25761 തീയതി 07.07.2016, തുക - 1,75,500/- രൂപ</u>

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വിവിധ വാർഡുകളിൽ 2016-17 വർഷം ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചതിന് ലോഡ് ഒന്നിന് 1,500/- രൂപ നിരക്കിൽ 117 ലോഡ് വെള്ളത്തിന് താഴെപ്പറയും പ്രകാരം ആകെ 1,75,500/- രൂപ ശ്രീ. എ. വി തോമസിന് നൽകിയിട്ടുണ്ട്. മേൽ പ്രകാരം തുക നൽകിയപ്പോൾ നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതിയും സേവന നികുതിയും ശ്രീ.എ.വി.തോമസിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതികൾ ഈടാക്കിയിട്ടില്ല. നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതിയും സേവന നികുതിയും ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/16-17 തീയതി 21-08-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു. ആദായനികുതിയും സേവനനികുതിയും ഈടാക്കി ഒടുക്ക വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-26 ആശുപത്രി വികസന ഫണ്ട് രൂപീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.6(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങളും, ചികിൽസ സൗകര്യങ്ങളും, സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങളും, അറ്റകുറ്റപ്പണികളും നടത്തുന്നതിനും, യന്ത്രസാമഗ്രികൾ, ചികിൽസയ്ക്കാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജലവിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, രോഗ നിർണ്ണയ – ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും സർവ്വോപരി പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ വികസനത്തിനും വേണ്ടി "ആശുപത്രി വികസന ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകുന്ന സേവനങ്ങൾക്കും, ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കും സർക്കാർ അനുവദിക്കുന്ന നിരക്കിൽ ഫീസും, ചാർജ്ജുകളും ഈടാക്കാവുന്നതാണ്. എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ ആയുർവ്വേദ ഡിസ്പെൻസറിയിൽ ഓഡിറ്റ് കാലയളവ് വരേയും പ്രസ്തുത രീതിയിലുള്ള ഫണ്ട് രൂപീകരണം നടത്തിയിട്ടില്ല. നിയമപ്രകാരം അനുവദനീയമായ ഫീസുകളും ചാർജ്ജുകളും പൊതുജനങ്ങളിൽ നിന്നും ഈടാക്കാമെന്നിരിക്കേ ആയതിനുള്ള നടപടി സ്വീകരിക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അനുവദനീയമായ ഫീസുകളും ചാർജ്ജുകളും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-27 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാമില്ല

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പ്രകാരം വളരെയധികം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്ക്കോടതികൾ, ഓംബുഡ്സ്മാൻ, ലീഗൽ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായും പ്രതിയായും നിൽക്കുന്ന കേസുകളുടെയും വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല. മേൽ സൂചിത രജിസ്ററർ സൂക്ഷിയ്ക്കുന്നതിലെ അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല

### 3-28 തൊഴിൽ രഹിതരെ തൊഴിലുറപ്പ് പദ്ധയിൽ ഉൾപ്പെടുത്തി തൊഴിൽ ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XIV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 256/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/ യുവാക്കൾ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങൾ പ്രകാരമുള്ള പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്.

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ

ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 19,34,120 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 19,34,120 | -- |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | -- |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 30,000 | ഫലവൃക്ഷത്തൈ ഇടവിളകൃഷി വികസനം | 30,000 | -- |
| ജില്ല പഞ്ചായത്ത്, കോഴിക്കോട് | 51,000 | നെൽകൃഷിയ്ക്ക് കൂലി ചിലവ് സബ്സിഡി | 51,000 | -- |
| ജില്ലാ പഞ്ചായത്ത്, കോഴിക്കോട് | 2,00,000 | പശുവളർത്തൽ പദ്ധതി | 2,00,000 | --- |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | ആടുവളർത്തൽ പദ്ധതി | 3,00,000 | -- |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ .ഡബ്ള്യ .എ | പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 4,25,000 | 3,77,611 | 47,389 |
| കെ .ഡബ്ള്യ .എ | വാട്ടർ കണക്ഷൻ | 1,10,000 | -- | 1,10,000 |
| കെ .ഡബ്ള്യ .എ | പൈപ്പ് ലൈൻ നീട്ടൽ | 50,000 | -- | 50,000 |
| കെ .ഡബ്ള്യ .എ | പൈപ്പ് ലൈൻ നീട്ടൽ | 1,00,000 | -- | 1,00,000 |
| കെ .ഡബ്ള്യ .എ | വട്ടച്ചിറ കോളനി കുടിവെള്ള പദ്ധതി | 1,57,500 | -- | 1,57,500 |
| കെ .ഡബ്ള്യ .എ | പൈപ്പ് ലൈൻ നീട്ടൽ | 5,00,000 | -- | 5,00,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ. (സാധാ) നം. 322/2010/ത.സ്വ.ഭ.വ, 29.01.2010 | 30,84,015/- | 15,00,000/- | ---- | 15,84,015/- |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2016-17 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4,96,729 |
| തൻവർഷം നിക്ഷേപിച്ച തുക | 45,947 |

| | |
|---|---|
| ആകെ | 5,42,676 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,42,676 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തുക |
|---|---|
| കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി | 47,266 |
| | 2,67,482 |
| | 2,27,928 |
| ആകെ | 5,42,676 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 14,850/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | രശീതി നം, തീയ്യതി |
|---|---|---|---|
| 1998-99 | 15 | 1100 | 11601101761, 23.08.2016 |
| 2015-16 | 2.3.8(12) | 2500 | 11601104019, 23.02.2017 |
| | | 2500 | 11601104020, 23.02.2017 |
| | | 2500 | 11601104021, 23.02.2017 |
| | | 2500 | 11601104022, 23.02.2017 |
| | | 2500 | 11601104023, 23.02.2017 |
| 2015-16 | 2.3.2.1 | 1250 | 11601104722, 30.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|
| 1997-98 | 2003-2004 | പൊതുപരാമർശം ഖ.നം.3.11.13.7 | നികുതിപിരിവിൽ അലംഭാവം- വൻതുക കാലഹരണപ്പെട്ടു. |
| 1999-2000 | 2003-2004 | പൊതുപരാമർശം. ഖ.നം.3.11.13.5 | മൈത്രിഭവനപദ്ധതി- വീട് നിർമ്മിച്ചതിന് രേഖകളില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,74,86,040 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,98,13,155 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,71,940 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3107818 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 1,31,989 | ശ്രീമതി.ലിസ്സി.കെ.ജെ, ഹെഡ്മിസ്ട്രസ്സ് |
| 3-11 | | 39,951 | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി |
| ആകെ | | 1,71,940 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 59,755 | ശ്രീമതി.ലിസ്സി.കെ.ജെ, ഹെഡ്മിസ്ട്രസ്സ് |
| 3-5 | 98,023 | ശ്രീമതി.ലിസ്സി.കെ.ജെ, ഹെഡ്മിസ്ട്രസ്സ് |
| 3-7 | 4,80,000 | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി |
| 3-8 | 48,807 | ശ്രീമതി.ഹൈഫ മൊയ്തീൻ, മെഡിക്കൽ ഓഫീസർ |
| 3-9 | 4,00,000 | ശ്രീമതി.സ്മിത.കെ.എസ്, മെഡിക്കൽ ഓഫീസർ |
| 3-21 | 7,65,000 | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി |
| 3-22 | 10,80,733 | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി |
| 3-25 | 1,75,500 | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി |
| ആകെ | 3107818 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം – 3-10 – 6,07,707/- ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ്, സെക്രട്ടറി

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലിസ്സി.കെ.ജെ, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.സ്കൂൾ, ചെമ്പുകടവ് | കൊട്ടാരത്തിൽ, ചെമ്പുകടവ് (പി.ഒ), കോടഞ്ചേരി |
| ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ് സെക്രട്ടറി | സെക്രട്ടറി കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | ബുഷ്റ (ഹ), ടെംബിൾ ഗേറ്റ്(പി.ഒ), തലശ്ശേരി, കണ്ണൂർ - 670102 |
| ശ്രീമതി.ഹൈഫ മൊയ്തീൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കൊടുവള്ളി | പുത്തൻ വീട്ടിൽ, ഉണ്ണികുളം (പി.ഒ), കോഴിക്കോട് |
| ശ്രീമതി.സ്മിത.കെ.എസ്. മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | മേത്തലത്ത് പറമ്പ് (വീട്) മേരിക്കുന്ന് (പി.ഒ) |

| | ഹോമിയോ ഡിസ്പെൻസറി, നെല്ലിപൊയിൽ | കോഴിക്കോട് - 673012 |
|---|---|---|

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(1), 14.09.2011 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(2), 14.09.2011 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(3), 14.09.2011 | 3 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(4), 15.09.2011 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(5), 15.09.2011 | 8 |
| 2002-03(വരവ്) | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(6), 15.09.2011 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(6), 15.09.2011 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(7), 15.09.2011 | 5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(8), 15.09.2011 | 5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/256/2011(10), 15.09.2011 | 30 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/12, 27.06.2012 | 24 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/332/12, 05.07.2012 | 19 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/818/12(1), 30.10.2013 | 14 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/13, 18.10.2013 | 15 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/1464/14, 09.10.2014 | 10 |
| 2013-14, 2014-15 | കെ.എസ്.എ..കെ.കെ.ഡി.പി13/247/16, 23.09.2016 | 15 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി13/1818/16, 25.03.2017 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.13/1742/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-13.09.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന ഖണ്ഡിക.2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.13/1742/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 13.09.2017

## Audit Certificate

Certified thaht I have audited the Annual Financial Statement of Kodenchery Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Kodenchery Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.